For Private Circulation Only

January 2018

ആഗമനാരുണൻ

Vol.65

"നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ" (മർക്കൊ. 11:24)

No.1

വിശ്വാസം സ്വർഗ്ഗത്തിന്റെ കലവറകളെ തുറക്കുന്നു

By D.L.Moody

യേശു തന്റെ ശിഷ്യന്മാരെ എങ്ങനെ പ്രസംഗിക്കണം എന്നു പഠിപ്പിച്ചിട്ടില്ല. എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന് അവരെ പഠിപ്പിച്ചിരുന്നു. ദൈവത്തിൽ നിന്നും ശക്തി പ്രാപിച്ചിരിക്കണം എന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. അപ്പോൾ അവർ മനുഷ്യരുടെ യിടിൽ ശക്തിയുള്ളവരായിരിക്കും എന്ന് യേശു അറിഞ്ഞിരുന്നു.

യാക്കോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നത്, "നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ ഏല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം" (യാക്കോ.1:5,6). അതുകൊണ്ടു വിശ്വാസം എന്നത്, സ്വർഗ്ഗത്തിന്റെ കലവറകലെ തുറക്കാനുള്ള ശ്രേഷ്ഠമേറിയ താക്കോലാണ്. ഗോലിയാത്തിനോട് അടുക്കുമ്പോൾ ദാവീദിന് വിശ്വാസം എന്നത് പരിചയായിരുന്നു. ദൈവം ഗോലിയാത്ത് എന്ന ഫെലിസ്ത്യനെ തന്റെ കയ്യിൽ ഏല്പിക്കും എന്ന് ദാവീദ് വിശ്വസിച്ചു.

അവിശ്വാസം ദൈവത്തിന്റെ കയ്യിലുള്ള ചിലതിനെ കണ്ടിട്ട് പറയുന്നു, " എനിക്ക് അത് നേടുവാൻ കഴിയുകയില്ല". എന്നാൽ വിശ്വാസം അത് കണ്ടിട്ട് പറയുന്നത് "ഞാൻ അത് പ്രാപിക്കും". പുതുജീവിതം വിശ്വാസത്തിൽ ആരംഭിക്കുന്നു. എന്നിട്ട് പണിയുന്നു.

" അതുകൊണ്ടു നിങ്ങൾ പ്രാർ ത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്കു ഉണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മർക്കൊ. 11:24). ദൈവത്തോട് നാം അടുത്തു ചെല്ലുമ്പോൾ വിശ്വാസത്തോടും ധൈര്യത്തോടും നാം അടുത്തു ചെല്ലേണ്ടതാണ്.

പ്രാർത്ഥനയിലുള്ള നമ്മുടെ ഉറപ്പും ധൈര്യവും

അറിയപ്പെടുന്ന ഒരു പ്രാർത്ഥനാ മനുഷ്യനായ ബിഷപ്പ് ഹാൾ എന്ന ദൈവഭക്തൻ പ്രാർത്ഥനയെ സംബന്ധിച്ച് പറയുന്നത് ഒരു അമ്പ് ചെറുതായി വലിച്ചുവിട്ടാൽ അത് കുറച്ചു ദൂരമേ പോകയുള്ളൂ. എന്നാൽ അതിനെ ശക്തിയോടെ വലിച്ചു വിട്ടാൽ അത് വേഗത്തിൽ ആഴങ്ങളെ തുളച്ചു ചെല്ലും. പ്രാർത്ഥനയും അങ്ങനെയാണ്. ശ്രദ്ധയില്ലാത്ത അയഞ്ഞ പ്രാർത്ഥനയാണെങ്കിൽ അത് നമ്മുടെ പാദങ്ങളിൽ തന്നെ വീഴും. എന്നാൽ വിശ്വാസത്തോടും ധൈര്യത്തോടും ബലമുള്ള ഉച്ചാരണത്തോടുമുള്ള പ്രാർത്ഥനയെങ്കിൽ അത് മേഘങ്ങളെ തുളച്ചു കീറി സ്വർഗ്ഗത്തിലെത്തുന്നു.

പ്രാർത്ഥന എന്നത് എണ്ണിതിട്ടപ്പെടുത്താൻ കഴിയുന്നതല്ല; അളന്നു തിട്ടപ്പെടുത്താൻ കഴിയുന്നതല്ല; രാഗവും താളവും അനുസരിച്ചു പ്രാർത്ഥിക്കാൻ കഴിയുന്നതല്ല; അതിന്റെ മാധുര്യം മാനദണ്ഡം വച്ച് അളക്കുവാൻ കഴിയുന്നതല്ല; ഒരു പ്രത്യേക രീതി അവലംബിക്കാൻ സാദ്ധ്യമല്ല; ഉപദേശപരമായി അതിനെ വിവേചിക്കുവാൻ സാദ്ധ്യവുമല്ല. കാരണം പ്രാർത്ഥന എല്ലാ അളവുകൾക്കും അതീതമാണ്. യാക്കോബിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഒട്ടകത്തിന്റെ മുട്ടുപോലെ തഴമ്പിച്ച മുട്ടുള്ളവനായിത്തീർന്നു എന്ന് പറയത്തക്കവണ്ണം ശ്രമകരമായി പ്രാത്ഥിക്കുന്നതായിരുന്നു. ബർത്തലോമായിയെക്കുറിച്ച് പറയുന്നത് രാവിലെ നൂറ് പ്രാർത്ഥനയെങ്കിലും പ്രാർത്ഥിക്കും എന്നാണ്; വൈകുന്നേരത്തും അതുപോലെയാണ്. തീഷ്ണതയോടെയുള്ള പ്രാർത്ഥന വളരെ പ്രയോജനം ചെയ്യുന്നു.

ആർച്ച് ബിഷപ്പ് ആയിരുന്ന ലെയ്ഗ്ടൺ പറയുന്നത് പ്രാർത്ഥനയെന്നത് ഒരു മനോഹരമാക്കിയ പേപ്പറോ രാജാവിന് കൊടുക്കാനായി തയ്യാറാക്കിയ ഒരു നല്ല കയ്യെഴുത്തോ അല്ല, പിന്നെയോ അത് ചലിപ്പിക്കുന്ന ഒരു മനോഭാവമാണ്. ആ ഹൃദയത്തെ രാജാവിന് വായിക്കാൻ കഴിയും. ഹൃദയത്തന്റെ ഭാഷ എല്ലാറ്റിന്റെയും ഭാഷയാണ്. ദൈവത്തിനു മാത്രമേ അത് പൂർണ്ണമായി മനസ്സിലാക്കാൻ കഴിയൂ. ആ പ്രാർത്ഥനയെ ദൈവം ശ്രദ്ധിക്കുന്നു. മറ്റുള്ളതെല്ലാം ബുദ്ധിപരവും ഭംഗിവാക്കുകളുമായ പ്രകടനങ്ങളാണ്.

ബ്രൂക്കുസ് എന്ന ദൈവഭക്തൻ പറയുന്നത് "തീയുടെ ചിത്രം തീയല്ല; അതുകൊണ്ട് തണുത്ത പ്രാർത്ഥന ഒരു പ്രാർത്ഥനയല്ല. തീയുടെ ചിത്രത്തിന് ചൂടില്ല: അതിന് സർവ്വശക്തിയില്ല; ധ്യാനമില്ല; അനുഗ്രഹമില്ല. തണുത്ത പ്രാർത്ഥന മുനയില്ലാത്ത അമ്പാണ്. മൂർച്ചയില്ലാത്തവാളാണ്. ചിറകില്ലാത്ത പക്ഷിയാണ്. അവ തുളച്ച് ചെല്ലുന്നില്ല. മുറിക്കുന്നില്ല. അത് സ്വർഗ്ഗത്തിൽ എത്തുന്നില്ല. തണുത്ത പ്രാർത്ഥന സ്വർഗ്ഗത്തിൽ എത്തുന്നതിന് മുമ്പേ മരവിച്ചു പോകുന്നു. ശരിയായി പ്രാർത്ഥിക്കുന്നവൻ തന്റെ പ്രാർത്ഥന കർത്താവിന് അർപ്പിക്കുന്നു.

വിശ്വാസം മറ്റുള്ളവർ ക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നു.

സുറോഫോയ്നീക്യക്കാരി പ്രത്യേകം ശ്രദ്ധേയമാണ് (മത്താ. 15:21-28). അവൾ യജമാനനെ വിളിച്ചപ്പോൾ അവിടുന്ന് ആദ്യം അവളുടെ അപേക്ഷ ശ്രദ്ധിച്ചില്ല. കരുണയ്ക്കായി അടുത്തുവന്ന ഒരു പാവപ്പെട്ട പാപിയെ വെറുതെ പറഞ്ഞയയ്ക്കുക!

(ശേഷം 5-ാംപേജിൽ)

സ്തുതി എന്നത് വിശ്വാസത്തിന്റെ പ്രവൃത്തിയാണ്

By Wesley L. Duewel

ദൈവത്തെ സ്തുതിക്കുവാനാരംഭിക്കുമ്പോൾ ദൈവം നിങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു എന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഒരു മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് എടുക്കുന്ന സമയത്തെക്കാൾ വിലപ്പെട്ടതാണ് ദൈവത്തെ സ്തുതിക്കുവാൻ നാം ചെലവഴിക്കുന്ന സമയം. സ്തുതി നിങ്ങളുടെ കണ്ണുകളെ നിങ്ങളുടെ സഹാചര്യങ്ങളിൽ നിന്നു ഉയർത്തി സകലത്തെയും ഭരിക്കുന്നവനും സർവ്വശക്തനുമായ പിതാവിങ്കലേക്ക് എത്തിക്കുന്നു. സ്തുതി നമ്മുടെ കണ്ണുകളെ യുദ്ധത്തിൽ നിന്നും വിജയത്തിലേയ്ക്ക് നയിക്കുന്നു. ക്രിസ്തു ജയിച്ച കർത്താവാണ് എല്ലാം നമുക്ക് കാൽക്കീഴിലാണ് എന്ന് കാണുവാൻ നമുക്ക് കഴിയുന്നില്ലെങ്കിലും അവി ടെ ഒരു ദൈവിക യാഥാർ ത്ഥ്യമുണ്ട്. “ നിന്റെ കൈകളുടെ പ്രവർത്തികൾക്ക് നീ അവനെ അധിപതിയാക്കി സകലവും അവന്റെ കാൽകീഴാക്കിയിരിക്കുന്നു ” (എബ്രാ. 2:8) നമുക്ക് വിശ്വാസം ആവശ്യമായി വരുമ്പോൾ രണ്ട് കാര്യങ്ങൾ നാം ഓർത്തിരിക്കണം. 1. ദൈവവചനത്തിലേക്ക് അടുത്തുചെല്ലേണം. 2. ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങേണം. ഇവ രണ്ടും ഒരുമിച്ച് പോകുമ്പോൾ ഹൈഡ്രജനും ഓക്സിജനും ചേർന്ന് വെള്ളം ആയിരിക്കുന്നതു പോലെ അനുഗ്രഹമായിരിക്കും. നിരാശയും ഭയവും നീങ്ങി പോകട്ടെ. സ്തുതിക്കുവാൻ ശ്രമിക്കാം. നിങ്ങൾക്ക് വിശ്വാസം ആവശ്യമായിരിക്കുന്നുവോ? ദൈവ ത്തെ സ്തുതിക്ക!

സ്തുതി ആരാധനയാണ്

നിങ്ങളുടെ ആത്മാവിൽ സന്തോഷത്തിന്റെ ഒരു ഉറവ ആവശ്യമായിരിക്കുന്നുവെങ്കിൽ ദൈവത്തെ സ്തുതിക്കുവാൻ ആരംഭിക്കുക. ദൈവവചനം പറയുന്നത് അവിടുന്ന് ഒരു പാട്ട് നമ്മുടെ ഉള്ളിൽ തരും. നാം പാടുന്ന വിശ്വാസികളെങ്കിൽ ദൈവത്തെ നിരാശപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവം തന്റെ ജനത്തെക്കുറിച്ച് ആഗ്രഹിക്കുന്നത് “അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും വരുവിൻ ” (സങ്കീ. 100:4). ദൈവത്തിന്റെ എല്ലാ കൃപകളും വളരുന്നത് സന്തോഷമുള്ള ഹൃദയത്തിലാണ്.

ഓരോ പ്രശ്നങ്ങളിലും ദൈവം തന്റെ ജനത്തെ ഒരു പുതിയ വഴിയിൽ സന്ദർശിക്കുന്നു. പറഞ്ഞു തീരാത്ത സന്തോഷം തരുന്നു. സ്തുതി എന്നത് അനിവാര്യമായ ഒരു പ്രവാഹമാണ്. എപ്പോഴൊക്കെ ദൈവത്തിന്റെ സ്നേഹമുള്ള മുഖത്തെ മറ

(ശേഷം 8-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. “യഹോവ ഇപ്രകാരം അരുളിചെയ്യുന്നു. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടു നടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും (യെശ. 66:12).

“ ആണ്ടിന്റെ ആരംഭം മുതൽ അവസാനംവരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു ”(ആവർത്തനം 11:12).

2017-ാം വർഷത്തിന്റെ ഡിസംബർ മാസം നമ്മെ വിട്ട് കടന്നുപോയി. 2018 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. 2017-ൽ അനേകർ ഈ ലോകത്ത് നിന്ന് മാറ്റപ്പെട്ടു. കർത്താവ് നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും അത്ഭുതകരമായി കാത്തു പരിപാലിച്ചതിനായി നന്ദി പറയാം.

2018-ൽ ദൈ2വത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ദൈനംദിന ജീവിതത്തിൽ അനുഭവവേദ്യമാകുവാൻ കഴിയണം. ഇരുളടഞ്ഞ ജീവിതത്തെ പ്രകാശ പൂരിതമാക്കുവാൻ ദൈവവുമായി കൂടുതൽ ബന്ധം പുലർത്തണം. ആ ബന്ധം നമ്മെ മാത്രമല്ല. മറ്റുള്ളവരെയും ധന്യരാക്കുന്നു. ദുഷ്ടൻ ഒരുക്കുന്ന കെണിയിൽ ആരും വീഴരുത്.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാന മേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം. ദൈവം സകല ഹൃദയങ്ങളെയും ശോധനചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവർത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. ഹൃദയ ശുദ്ധി കാത്തു സൂക്ഷിക്കുവാൻ നമുക്ക് ഓരോരുത്തർക്കും ഈ നാളുകളിൽ കൃപ ധാരാളമായി നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

വിശ്വാസത്തിന് അടിസ്ഥാനം ദൈവം ആകുന്നു

By A.W. Tozer

നമ്മുടെ വിശ്വാസത്തിന് ശരിയായ ഒരു അടിസ്ഥാന മുണ്ടാകണം എങ്കിൽ ത ന്നിൽ ആശ്രയിക്കുന്ന എല്ലാ കാര്യത്തിലും നമ്മെ സഹാ യിപ്പാൻ ശക്തനാണ് ദൈവം എന്ന് സംശയം കൂടാതെ യുള്ള ബോദ്ധ്യം ഉണ്ടായിരി ക്കേണം. ആ ബോദ്ധ്യം നമ്മു ടെ വിശ്വാസ പ്രമാണത്തിന്റെ തത്വങ്ങൾക്കതീതമായി ഉള്ള ഒരു സമ്മതം ആയിരിക്കേ ണം. അത് നമ്മുടെ ആത്മാ വിന്റെ ആ ഴ ങ്ങ ളി ലേക്ക് അഗാധമായി തുളച്ചു ചെല്ലു ന്നതായിരിക്കണം.

എത്രത്തോളം ദൈവ ത്തിന്റെ ജ്ഞാനവും വഴിക ളേയും നമ്മുടെ ജീവിതത്തി ലൂടെ ചോദ്യം ചെയ്യപ്പെടു മോ അത്രത്തോളം നമ്മുടെ വിശ്വാസം, അയഞ്ഞതും അസ്ഥിര വു മാ ണ്. നാം ബുദ്ധിയുടെ പ്രമാണത്തിൽ ആ ശ്ര യി ക്കു മ്പോ ൾ വിശ്വാസം ഇല്ലാതാവുന്നു. ദൈവവചനത്തന്റെ വാഗ്ദ ത്തങ്ങളെ, തെളിവുകളുടെ സഹായമില്ലാതെ തന്നെ വിശ്വാസം ഉറപ്പാക്കുന്നു. വാഗ്ദത്തം ചെയ്ത ദൈവ ത്തിന്റെ സ്വഭാവത്തെയും തന്റെ വാഗ്ദത്തത്തേയും ജീവിതത്തിൽ ഉറപ്പാക്കുക യാണ് വേണ്ടത്.

കാൽവറി ക്രൂശിൽ കർത്താവായ യേശുവിന്റെ വേദനാജനകമായ അഗ്നി പരീക്ഷയെ കർത്താവ് സഹിക്കുമ്പോൾ അതിന്റെ തെളിവുകൾ ആവശ്യപ്പെ ടാതെ അതിനെ പൂർണ്ണമായി അം ഗീ കരി ക്കു കയാണ് വിശ്വാസത്താൽ സംഭവിക്കു ന്നത്. കഷ്ടതയാലും വേദന യാലും അവിടുന്ന് തള്ളപ്പെ ടുകയോ ഉപേക്ഷിക്കപ്പെടു കയോ ചെയ്തപ്പോഴും വിശ്വാസം കണ്ടെത്തുന്നത് ദൈവത്തിന്റെ വിശുദ്ധിയുടെ പ്രമാണത്തിലാണ്. '' യിസ്രാ യേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനേ നീ പരിശു ദ്ധനാകുന്നുവല്ലോ'' (സങ്കീ. 22:3). മുഴുലോകവും ദൈവ ത്തിന്റെ വിശുദ്ധിക്കും സ്നേഹത്തിനും എതിരായി രുന്നാലും ദൈവം വിശുദ്ധ നാണെന്നും ദൈവത്തിൽ തെറ്റായി ഒന്നുമില്ലെന്നും പിതാവ് നിശ്ചയിച്ച സമയം വരെ താൻ ആ വേദന സഹി ക്കേണ്ടതാണെന്നും ക്രിസ്തു അറിഞ്ഞിരുന്നു. ഇവിടെ വിശ്വാസം അതിന്റെ ഏറ്റവും ശ്രേഷ്ഠമായ അവസ്ഥയിൽ നാം കാണുന്നു. സൂര്യൻ നിശ്ച ല മായി നിന്നതും ആകാശത്തിൽ നിന്നും തീ ഇറ ങ്ങി യതും വിശ്വാ സ ത്തിന്റെ പ്രവൃത്തിയുടെ ഉദാ ഹരണങ്ങളാണ്.

ഓർക്കുക വിശ്വാസം എന്നത് പ്രത്യേക നിലവാര ത്തിലുള്ള പ്രത്യേക വ്യക്തി കളിൽ പ്രത്യക്ഷപ്പെടുന്ന ഒന്നല്ല. ചുരുക്കം ചിലരിലൂടെ വ്യാപരിക്കുന് പ്രത്യേക സ്വ ഭാ വ ഗു ണ വു മ ല്ല ത്. നമുക്കു ലഭിച്ച കഴിവനുസ രിച്ച് ചെയ്യുവാൻ കഴിയുന്ന സ്വാഭാവികമായ ഒരു ഗുണ വി ശേ ഷ ണ വു മ ല്ലി ത്. വിശ്വാസം എന്നത് നമ്മുടെ മനസ്സ് ദൈവത്തിന്റെ വിശു ദ്ധിയുമായി കൂട്ടുചേർന്നുള്ള ഒരു പ്രവർത്തനമത്രേ. സർവ്വ ലോകത്തിന്റെയും ദൈവം കള്ളം പറയുന്നില്ല എന്നും തന്റെ വാഗ്ദത്തങ്ങൾ സത്യ മാണ് എന്ന ഉറപ്പുമാണ് വിശ്വാസത്തിലൂടെ സംഭവി ക്കുന്നത്.

ഒരു മനുഷ്യൻ ഒരു പർവ്വതത്തെ നോക്കി ഉറ പ്പിച്ചു പറയുകയാണ് ഇത് ഒരു പർവ്വതമാണ്. ഇതിൽ പ്രത്യേക വിശേഷതയൊ ന്നും കാണുന്നില്ല. നമ്മുടെ മുമ്പിലുള്ള യാഥാർത്ഥ്യ ത്തെ നാം അംഗീകരിക്കു കയും നാം ആ യഥാർത്ഥ്യ ത്തോട് യോജിക്കുകയു മാണ് ചെയ്യുന്നത്. മനുഷ്യൻ വിശ്വാസത്താൽ പർവ്വതത്തെ സൃഷ്ടിക്കുന്നില്ല, ആ യാ ഥാർത്ഥ്യത്തെ തള്ളിക്ക ള കയും ചെയ്യുന്നില്ല. ദൈവ ത്തിന്റെ വാഗ്ദത്തങ്ങളെ ഉറച്ച ഒരു പർവ്വതത്തെ പ്പോലെ അംഗീകരിക്കുന്നു വിശാലമായി ഏറ്റുകൊള്ളു കയും ചെയ്യുന്നു. ഒരുവന്റെ വിശ്വാസം ഒന്നിനെയും വ്യത്യാസപ്പെടുത്തുന്നില്ല. നാം വിശ്വസിച്ചാലും ഇല്ലെ ങ്കിലും ദൈവത്തിന്റെ വചനം സത്യമാണ്. മനുഷ്യന്റെ അവിശ്വാസം കൊണ്ട് ദൈവ ത്തിന്റെ സ്വഭാവം വ്യത്യാസ പ്പെടുന്നില്ല.

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

വിശ്വാസം എന്ന പരിച

By Charles H. Spurgeon

"എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുംകൊണ്ട് നില്പിൻ" (എഫെ. 6:16). വിശ്വാസത്തെ ഇവിടെ ഒരു പരിചയോട് ഉപമിച്ച് പഠിക്കുന്നു.

ഒന്നാമതായി വിശ്വാസം ഒരു പരിചയെന്നു പറയാൻ കാരണം, പോരാട്ടങ്ങളിൽ അത് നമ്മെ രക്ഷിക്കുന്നു. പഴയ കാലങ്ങളിൽ വിവിധ തരത്തിലുള്ള പരിചകൾ ഉപയോഗിച്ചു വന്നിരുന്നു. എന്നാൽ വേദപുസ്തകം പറയുന്ന പരിച ഏറ്റവും വലുതും പലപ്പോഴും ഉപയോഗിച്ചിട്ടുള്ളതുമാണ്. പരിച എന്നതിനെ ചില സന്ദർഭങ്ങളിൽ വാതിൽ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. കാരണം ആ പരിച ഒരു വാതിൽപോലെ വലുതാണ്. അത് ഒരു മനുഷ്യനെ പൂർണ്ണമായി സംരക്ഷിക്കുന്നു. സങ്കീർത്തനത്തിൽ ആ ആശയം വ്യക്തമാണ്. " യഹോവേ നീ നീതിമാനെ അനുഗ്രഹിക്കും. പരിചകൊണ്ടെന്നപോലെ നീ ദയകൊണ്ട് അവനെ മറയ്ക്കും" (സങ്കീ. 5:12). അത് ഒരു മനുഷ്യനെ പൂർണ്ണമായി മറയ്ക്കുന്നു എന്നതുപോലെ വിശ്വാസം ഒരു മനുഷ്യനെ സമ്പൂർണ്ണമായി സംരക്ഷണ ചെയ്യുന്നു. ലക്ഷ്യമിടുന്ന ഏതു മിസൈലുകളിൽ നിന്നും സംരക്ഷണം ചെയ്യുന്നു എന്ന് അർത്ഥമാകുന്നു.

വിശ്വാസം മനുഷ്യനെ പൂർണ്ണമായി സംരക്ഷിക്കുന്നു. തലയ്ക്കു നേരെ സാത്താന്റെ ആക്രമണം പെട്ടെന്ന് വരുമ്പോൾ ദൈവവചനം തന്നെ സാത്താൻ കയ്യിലെടുത്ത് നമ്മെ വഞ്ചിക്കുവാനടുത്തു വരുമ്പോൾ, നാം വിശ്വസിച്ചിരിക്കുന്ന പ്രമാണങ്ങളെതന്നെ കയ്യിലെടുത്ത് സംശയമിട്ട് പോരാടുമ്പോൾ ക്രിസ്തുവിലുള്ള പൂർണ്ണമായ വിശ്വാസം അപകടകരമായ ദുരുപദേശങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുന്നു. നാം സ്വീകരിച്ചിരിക്കുന്ന പത്ഥ്യവചനം മുറുകെ പിടിക്കുവാൻ നമ്മെ സഹായിക്കുന്നു. നാം പഠിച്ചതും, പരിശീലിച്ചതും അനുഭവത്തിലൂടെ സ്വന്തമാക്കിയതുമായ കാര്യങ്ങളെ പിന്തുടരുവാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ചിരിക്കുന്ന ഒരു മനുഷ്യൻ, ദൈവവചനത്തിന്റെ ഉപദേശങ്ങളെ മുറുകെപിടിച്ചിരിക്കുന്ന വ്യക്തിയെ അതിൽ നിന്നും പിന്മാറ്റുവാൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ല. അവൻ എന്തു വിശ്വസിക്കുന്നു എന്ന് അവൻ അറിയുന്നു. എന്താണ് പിടിച്ചിരിക്കുന്നത് എന്ന് അവൻ അറിയുന്നു. അറിഞ്ഞിരിക്കേണ്ട സത്യത്തിൽ നിന്നും പിന്തിരപ്പിക്കുവാൻ മനുഷ്യന്റെ പദ്ധതിക്കോ സാത്താന്റെ തന്ത്രങ്ങൾക്കോ ഒരിക്കലും സാദ്ധ്യമല്ല.

വിശ്വാസം തലയെ സംരക്ഷിക്കുമ്പോൾ തന്നെ ഹൃദയത്തേയും സംരക്ഷിക്കുന്നു. ലോകസ്നേഹത്തിന്റെ പരീക്ഷകൾ വരുമ്പോൾ ഭാവിയെക്കുറിച്ചുള്ള ചിന്തകളും പ്രതിഫലത്തെ സംബന്ധിച്ച ഉറപ്പും ദൈവത്തെ കാത്തിരിക്കാൻ സഹായിക്കുന്നു. "മിസ്രയീമിന്റെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുന്നു". സാത്താൻ വിശ്വാസിയെ ആക്രമിച്ച് തന്റെ അവയവങ്ങളെ നശിപ്പിച്ച് അയോഗ്യനാക്കുവാൻ ശ്രമിക്കുമ്പോൾ വിശ്വാസം എന്ന പരിച അവനെ പൂർണ്ണമായി സംരക്ഷിച്ച് തന്നെ സ്നേഹിച്ച യേശുവിനു വേണ്ടി ശത്രുവിനെ കീഴ്പ്പെടുത്തി ജയമെടുക്കുവാൻ സഹായിക്കുന്നു.

പാദങ്ങളെ ലക്ഷ്യമാക്കി ശത്രു അമ്പ് തൊടുക്കുമ്പോൾ, നേരേ നടക്കുവാൻ കഴിയാതെ നമ്മുടെ കാലുകളെ സ്വാധീനമില്ലാതാക്കി നമ്മുടെ വഴികളെ ബാധിക്കുവാൻ ശ്രമിക്കുമ്പോൾ വിശ്വാസം നമ്മുടെ പാദങ്ങളെ സംരക്ഷിക്കുന്നു. വഴുവഴുപ്പിലായിപ്പോയാൽ പോലും ശത്രു നമ്മെ ജയിക്കാതെ കാത്തു സൂക്ഷിക്കുന്നു.

നമ്മുടെ കാൽമുട്ടിനെ ലക്ഷ്യമാക്കി ശത്രു അമ്പ് തൊടുക്കുമ്പോൾ, നമ്മുടെ പ്രാർത്ഥനയെ ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയില്ല എന്ന് ശത്രു മന്ത്രിക്കുമ്പോൾ വിശ്വാസം നമ്മെ സംരക്ഷിക്കുന്നു, വിശ്വാസത്തിന്റെ ശക്തിയാൽ ഉറപ്പോടെ ദൈവത്തിന്റെ കൃപാസനത്തോടടുത്തു ചെല്ലുന്നു. തന്റെ അമ്പ് നമ്മുടെ മനസാക്ഷി ലക്ഷ്യമിട്ട് നമ്മുടെ പാപങ്ങളെ നമ്മെ ഓർമ്മിപ്പിച്ച് മനസിനെ അസ്വസ്ഥമാക്കുമ്പോൾ വിശ്വാസം നമ്മുടെ മനസാക്ഷിയെ സംരക്ഷിച്ച് പാപക്ഷമയുടെ ഉറപ്പ് നമ്മിൽ വർദ്ധിപ്പിച്ച് നമ്മെ ബലപ്പെടുത്തുന്നു. ... " യേശു ക്രിസ്തുവിന്റെ രക്തം നമ്മുടെ സകല പാപങ്ങളേയും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". നമ്മുടെ ഓരോ അവയവത്തേയും പൂർണ്ണമായി വിശ്വാസം സംരക്ഷിക്കുന്നു.

ദൈവത്തെ തന്റെ സങ്കേതമാക്കുന്നവൻ പൂർണ്ണ സംരക്ഷണം ദൈവത്തിൽ ഉറപ്പാക്കുന്നു.

നമ്മെ മാത്രമല്ല വിശ്വാസം സംരക്ഷിക്കുന്നത് പിന്നെയോ നമ്മുടെ പടച്ചട്ടയെ സംരക്ഷിക്കുന്നതാണ് വിശ്വാസം എന്ന അർത്ഥം ഇവിടെ വരുന്നു. വിവിധങ്ങളായ കാര്യങ്ങളെ പറഞ്ഞിട്ട് പറയുകയാണ്: എല്ലാറ്റിനും മീതെ ദൈവത്തിന്റെ മനുഷ്യൻ അരക്കെട്ട്, കവചം, ചെരുപ്പ്, ശിരസ്ത്രം തുടങ്ങിയവ ധരിക്കണം. ഇവയെല്ലാം നമ്മുടെ സംരക്ഷണത്തിനുള്ള താണെങ്കിൽ വിശ്വാസം നമ്മുടെ ആയുധങ്ങളെയും കൂടെ സംരക്ഷിക്കുന്നു എന്നാണർത്ഥം. അങ്ങനെ നമ്മെ മാത്രമല്ല, നമ്മിലുള്ള കൃപാവരങ്ങളേയും സംരക്ഷിക്കുന്നു. നമ്മുടെ സ്വഭാവ ഗുണങ്ങൾകൊണ്ട് നമുക്ക് ജീവിക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ സംരക്ഷണത്തിന് ദൈവത്തിന്റെ കൃപ ആവശ്യമാണ്. ആ കൃപ വിശ്വാസത്താലാണ് നമുക്ക് ലഭിക്കുന്നത്. വിശ്വാസം എന്ന പരിച നമ്മുടെ തലയെ മാത്രമല്ല, ശിരസ്ത്രത്തെയും സംരക്ഷിക്കുന്നു. കാലിനെ മാത്രമല്ല ചെരുപ്പിനെയും സംരക്ഷിക്കുന്നു. അരയെ മാത്രമല്ല, അരയ്ക്കു കെട്ടുന്ന സത്യത്തെയും സംരക്ഷിക്കുന്നു. വിശ്വാസം എന്ന പരിച എല്ലാറ്റെയും സംരക്ഷിക്കുന്നു.

രണ്ടാമതായി മനുഷ്യനെ തന്നിൽ തന്നെയുള്ള പ്രശ്നങ്ങളിൽ നിന്നും രക്ഷിക്കുന്നു. ചില വിശ്വാസികൾ ചിന്തിക്കുന്നത് പുറമേ നിന്നുള്ള ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടാൽ എല്ലാം നന്നായി എന്നാണ്. വളരെ ശിശുക്കളായ വിശ്വാസികളാണ് അങ്ങനെ ചിന്തിക്കുന്നത്. അവർ ചിന്തിക്കുന്നത്. ദൈവം എന്റെ പാപം ക്ഷമിച്ചല്ലോ അതുകൊണ്ട് ഞാൻ ഉറപ്പായും സ്വർഗ്ഗത്തിൽ തന്നെ പോകും എന്നാണ്. യുദ്ധമില്ലെങ്കിൽ ആയുധം ധരിക്കേണ്ടതുണ്ടോ? ഉഴവ് ആവശ്യമായിരിക്കുന്നതുകൊണ്ടാണല്ലോ അവസാന ചാലും ഉഴുതു തീരുന്നതുവരെ കൈ വച്ചു കൊടുക്കുന്നത്. അതുകൊ

(ശേഷം 6-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

വിശ്വാസം സ്വർഗ്ഗത്തിന്റെ കലവറകളെ തുറക്കുന്നു

നിങ്ങൾക്ക് അത് ഉൾക്കൊള്ളുവാൻ കഴിയുമോ? ഒരിക്കലും അതു സാദ്ധ്യമല്ല. ഒരു പാവപ്പെട്ട സ്ത്രീ തന്റെ കുഞ്ഞിനുവേണ്ടി അപേക്ഷിക്കുന്നു. കർത്താവേ സഹായിക്കേണമേ, അവൾ പറഞ്ഞു".

ചില വർഷങ്ങൾക്കു മുമ്പ് ഒരു പ്രാർത്ഥനയാ യോഗത്തിൽ ഞാൻ കൈവച്ച് പ്രാർത്ഥിക്കേണ്ടതിന് ആളുകൾ മുന്നോട്ടു വന്നു. അവരുടെയിടയിൽ മുന്നോട്ടു വന്നവരിൽ ഒരു സ്ത്രീയെ ഞാൻ ശ്രദ്ധിച്ചു. അവൾ ഒരു വിശ്വാസിയെന്ന് ഞാൻ ചിന്തിച്ചു. അവൾ മറ്റുള്ളവർക്കൊപ്പം മുട്ടുകുത്തി. ഞാൻ ചോദിച്ചു, നീയൊരു വിശ്വാസിയല്ലേ! അന്നത്തെ അവളുടെ മുഖഭാവം ഒരിക്കലും എനിക്കു മറക്കുവാൻ സാദ്ധ്യമല്ല. അവൾ പറഞ്ഞത് എനിക്ക് ഒരു പുത്രനുണ്ട്. അവൻ ദൂരങ്ങളിലേക്ക് പോയി; ഞാൻ ചിന്തിച്ചു, ദൈവം അവനെ അനുഗ്രഹിച്ചില്ലെങ്കിൽ ഞാനും അവനെപ്പോലെയാകുമായിരുന്നു എന്ന് അവൾ പറയുന്നത് അവളുടെ കൊച്ചു പൈതൽ ജീവിച്ചിട്ട് അവൾ നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ ആ പൈതലിനെ സംബന്ധിച്ച് അവൾക്ക് താങ്ങുവാൻ കഴിയുന്ന കാര്യമായിരുന്നില്ല. ഒരു അമ്മയുടെ സ്നേഹം!

സുറോഫൊയ്നിക്യക്കാരി അതത്രേ ചെയ്തത്. കർത്താവേ, സഹായിക്കേണമേ. ഇത് ഒരു ചുരുങ്ങിയ പ്രാർത്ഥനയായിരുന്നു, എന്നാൽ അത് ദൈവപുത്രന്റെ ഹൃദയത്തെ തുളച്ചു ചെന്നു. അവിടുന്ന് അവളുടെ വിശ്വാസത്തെ പരീക്ഷിച്ചു. അവിടുന്ന് പറഞ്ഞു "മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് നന്നല്ല". എന്നാൽ അവൾ പറഞ്ഞത് അതേ കർത്താവേ, "നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന അപ്പനുറുക്കുകൾ ഭക്ഷിക്കുന്നുണ്ടല്ലോ. യേശു അവളോട് സ്ത്രീയേ നിന്റെ വിശ്വാസം വലിയത്, നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു".

എന്തൊരു പ്രശംസയാണ് കർത്താവ് അവർക്ക് കൊടുത്തത്. സഭ ഭൂമിയിൽ ഉള്ളേടത്തോളം ഇത് മറക്കുവാൻ സാദ്ധ്യമല്ല യേശു അവളുടെ വിശ്വാസത്തെ പ്രശംസിച്ചു. അവൾ ചോദിച്ചതിനെ അവൾക്ക് കൊടുത്തു. നമുക്ക് ഓരോരുത്തർക്കും പറയാൻ കഴിയും. കർത്താവേ സഹായിക്കേണമേ. നമുക്ക് എല്ലാവർക്കും സഹായം ആവശ്യമാണ്. ഒരു വിശ്വാസി എന്ന നിലയിൽ കൂടുതൽ കൃപ കൂടുതൽ സ്നേഹം, കൂടുതൽ വിശുദ്ധിയുള്ള ജീവിതം, കൂടുതൽ നീതി എന്നിവ ആവശ്യമത്രേ. എങ്കിൽ നമുക്കും അപ്രകാരം പ്രാർത്ഥിക്കാം. കർത്താവിനു വേണ്ടി കൂടുതൽ നന്നായി ജീവിക്കുവാൻ നന്നായി പ്രസംഗിക്കുവാൻ ദൈവപുത്രനോട് ഏകീഭവിപ്പാൻ ദൈവത്തിന്റെ സഹായം എനിക്ക് ആവശ്യമാണ്. വിശ്വാസത്തിന്റെ സ്വർണ്ണച്ചങ്ങല നമ്മെ ദൈവസിംഹാസനത്തോടു നമ്മെ കോർത്തിണക്കുന്നു. ഉയരത്തിലെ കൃപ നമ്മുടെ ജീവനിലേക്ക് ഒഴുകുന്നു.

ഹൃദയത്തിൽ നിന്നുള്ള ഒരു നിലവിളി

ആ സ്ത്രീ ഒരു പാപിനിയായ സ്ത്രീയായിരുന്നുവെങ്കിലും ദൈവം അവളുടെ നിലവിളികേട്ടു. നിങ്ങൾ ഇപ്പോഴും പാപത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയായിരിക്കാം എന്നാൽ നിങ്ങൾ ഹൃദയാംഗമായി "എന്നെ സഹായിക്കേണമേ എന്ന് ദൈവത്തോട് നിലവിളിച്ചാൽ ദൈവം മറുപടി നൽകും. എന്നാൽ പലപ്പോഴും നാം ദൈവത്തോടു കരയാറുണ്ട് എന്നാൽ അതിന്റെ കാരണം നമുക്കുതന്നെ അറിഞ്ഞുകൂടാ.

അമ്മമാരേ നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ മക്കൾക്ക് രണ്ട് കരച്ചിലുണ്ട്. അവർ നിങ്ങളോട് ചോദിക്കുന്ന കാര്യങ്ങൾ കൊടുക്കാവുന്നതോ കൊടുക്കാൻ പാടില്ലാത്തതോ ആയിരിക്കാം. കൊടുക്കാൻ പാടില്ലാത്ത കാര്യമാണെങ്കിൽ നിങ്ങൾ അതിനെ കാര്യമായെടുക്കാറില്ല; അവരുടെ ആവശ്യം യഥാർത്ഥ്യമാണെങ്കിൽ എത്രപെട്ടെന്ന് നാം അത് ചെയ്യുവാനിടയായിത്തീരും.

ആവശ്യങ്ങളുടെ മുഖത്തുള്ള നിലവിളിയ്ക്ക് പരിഹാരമുണ്ടാകാറുണ്ട്. നിങ്ങളുടെ കുട്ടി ചിലപ്പോൾ പറയും അമ്മാ എനിക്ക് ഭക്ഷണം വേണം. എന്നാൽ അവൻ കളിക്കാൻ പോകുന്നത് കാണാം. അപ്പോൾ നിങ്ങൾ മനസ്സിലാക്കും - അവന് വലിയ വിശപ്പൊന്നുമില്ല. ആ ആവശ്യത്തെ കണക്കിലെടുക്കാറില്ല. എന്നാൽ നിങ്ങളെ കാണുമ്പോൾ അവന്റെ കയ്യിലിരിക്കുന്ന കളിപ്പാട്ടങ്ങൾ വലിച്ചെറിഞ്ഞിട്ട് നിങ്ങളുടെ സാരിയിൽ പിടിച്ചു തൂങ്ങി എനിക്ക് വിശക്കുന്നു എന്ന് പറഞ്ഞാൽ, നിങ്ങൾ അവന്റെ ആവശ്യം മനസ്സിലാക്കി വേഗത്തിൽ അടുക്കളയിൽ ചെന്ന് ഭക്ഷണം എടുത്തു കൊടുക്കും.

സ്വർഗ്ഗീയ ഭക്ഷണത്തിനുവേണ്ടി നാം വിശ്വസ്തയോടെ ആവശ്യപ്പെട്ടാൽ നമുക്ക് അത് ലഭിക്കും. ഇവിടെ സ്ത്രീ വളരെ ആവശ്യബോധത്തോടുകൂടെ അവൾ യേശുവിനോട് കരഞ്ഞു. അതുകൊണ്ട് അവളുടെ പരാതിക്ക് മറുപടിയുണ്ടായി.

ചില സന്ദർഭങ്ങളിൽ നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളോടു ചോദിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് അത് മനസ്സിലാവുകയില്ല. എന്നാൽ ഒരു അമ്മ വേഗത്തിൽ അത് മനസ്സിലാക്കും. നമ്മുടെ പ്രാർത്ഥന ഹൃദയത്തിൽ നിന്നും വരുന്നതെങ്കിൽ ദൈവത്തിന് അത് മനസിലാവും. എന്നാൽ ചില സന്ദർഭങ്ങളിൽ ഒന്നും കാര്യമായി ആവശ്യമില്ലെങ്കിലും ദൈവത്തോടു കരഞ്ഞുകൊണ്ടേയിരിക്കും. ഭാരമുള്ള ഒരു ഹൃദയത്തിൽ നിന്നുള്ള യഥാർത്ഥ പ്രാർത്ഥന അത് മനോഹരവും അതിന്റെ ഭാഷ ഹൃദയഭേദകവും അതിന്റെ മറുപടി വേഗത്തിൽ എത്തുകയും ചെയ്യും. പാവപ്പെട്ട സ്ത്രീ ദൈവത്തോട് എന്നെ സഹായിക്കേണമേ എന്ന് നിലവിളിച്ചപ്പോൾ ആ പ്രാർത്ഥന വേഗത്തിൽ എത്തുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

നിങ്ങൾ ആവശ്യബോധത്തോടെ പ്രാർത്ഥിക്കുമ്പോൾ, അത് നമ്മുടെ ആഗ്രഹമെങ്കിൽ ഹൃദയാംഗമായ പ്രാർത്ഥനയെങ്കിൽ ദൈവം വേഗത്തിൽ നമ്മുടെ പ്രാർത്ഥന കേട്ട് ഹൃദയത്തിലെ ആഗ്രഹം നമുക്കു തരുന്നു.

നാം പ്രാർത്ഥിക്കുമ്പോൾ പ്രതീക്ഷയോടെ പ്രാർത്ഥിക്കേണം

ഒരു അനുഗ്രഹം പ്രതീക്ഷിച്ചു പ്രാർത്ഥിക്കണം. ശതാധിപൻ തന്റെ വേലക്കാരനെ സൗഖ്യമാക്കുവാൻ അപേക്ഷിക്കുമ്പോൾ, കർത്താവിന്റെ അടുക്കൽ പോകാനോ കർത്താവിനോട് ചേദിക്കാനോ താൻ യോഗ്യനല്ല എന്ന് മനസ്സിലാക്കിയിട്ട് തന്റെ സ്നേഹിതരെ യേശുവീന്റെ അടുക്കൽ അയക്കു

(ശേഷം 6-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

വിശ്വാസം എന്ന പരിച

ണ്ടാണല്ലോ; ഉഴുതു തീരുന്നതുവരെയും കൃഷിക്കാരൻ മുഖത്തെ വിയർപ്പു തുടച്ചുകൊണ്ട് വേല ചെയ്യുന്നത്. യുദ്ധമില്ലെങ്കിൽ യുവാക്കളെ യുദ്ധ മുറകൾ പഠിപ്പിക്കേണ്ടതുണ്ടോ? എന്നാൽ യുദ്ധം വരുമ്പോൾ ഒരു പടയാളി ഒരുങ്ങിയിരിക്കേണ്ടതുണ്ട്. യുദ്ധത്തിന്റെ പ്രതീക്ഷ എന്നത് ഒരു പടയാളിയുടെ ജീവിതത്തിന്റെ ഭാഗമാണ്. വിശ്വാസം എന്ന പരിച ഏന്തി നിന്നാൽ ആക്രമണങ്ങളെ നേരിടാൻ കഴിയും.

സൈന്യത്തിന്റെ നായകൻ നമുക്കു മുന്നിൽ ഉണ്ട്. ആ പരിചയെ ആർക്കും തുളയ്ക്കുവാനോ മുറിക്കുവാനോ മാറ്റുവാനോ സാദ്ധ്യമല്ല. യുദ്ധത്തിന്റെ എല്ലാ ഘട്ടത്തിലും അത് നമുക്ക് മറവായിയിരിക്കും. വിശ്വാസം നമുക്ക് പരിചയാണ്, അത് എല്ലാ ആക്രമണത്തേയും ചെറുത്തു രക്ഷിക്കും.

മൂന്നാമതായി വിശ്വാസം ഒരു പരിചയാണ്. കാരണം ഇത് ശക്തിയുള്ളതാണ്. ഒരു മനുഷ്യൻ കാർഡ് ബോർഡ് കൊണ്ടുള്ള പരിചയുണ്ടാക്കി ശത്രുവിനെതിരെ നിന്നാൽ വാൾ നമ്മുടെ ശരീരത്തിൽ കടക്കും. ശ്രദ്ധയോടെ പരിചയുണ്ടാക്കി യുദ്ധത്തിന് നിന്നാൽ അത് നുക്ക് സംരക്ഷണമായിരിക്കും.

നമ്മുടെ വിശ്വാസം യഥാർത്ഥ വിശ്വാസമാണോ നമ്മുടെ പരിച നല്ലതാണോ എന്നൊക്കെ എങ്ങനെ അറിയാം? ഒരു പരിച ഒന്നായി തന്നെ പണിതെടുത്തായിരിക്കണം. ഒരു പരിച മൂന്നോ നാലോ ഭാഗങ്ങളായിട്ടാണ് ഉണ്ടാക്കിയിരിക്കുന്നതെങ്കിൽ അതു കൊണ്ടു യാതൊരു പ്രയോജനവുമില്ല. നമ്മുടെ വിശ്വാസമായിരിക്കണം. നമുക്ക് നമ്മിലോ അല്ലെങ്കിൽ മറ്റാരിലെങ്കിലുമുള്ള വിശ്വാസമോ അല്ല. പൂർണ്ണമായും ക്രിസ്തുവിലുള്ള വിശ്വാസമാണത്, അല്ലെങ്കിൽ നമ്മുടെ വിശ്വാസം കൊണ്ട് പ്രയോജനമില്ല. നമ്മുടെ വിശ്വാസം സത്യത്തിൽ അടിസ്ഥാനപ്പെട്ടതായിരിക്കണം, അതിൽ വീഴ്ച വന്നാൽ ശത്രുവിന്റെ ആയുധം അതിലൂടെ തുളച്ചുകയറും. നമ്മുടെ വിശ്വാസം ദൈവവചനത്തിലധിഷ്ഠിതമാണെന്ന് നാം ഉറപ്പു വരുത്തണം. സത്യവും യഥാർത്ഥവുമായ വാഗ്ദത്തങ്ങളിൽ നാം ആശ്രയിക്കണം. നിശ്ചയമുള്ള സാക്ഷ്യം നാം വച്ചു പുലർത്തണം. കെട്ടുകഥയോ ഭംഗിവാക്കുകളോ, മനുഷ്യനെ സംബന്ധിച്ച സ്വപ്നമോ ആശ്രയമാകരുത്. ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ട വിശ്വാസം തന്നെ ആയിരിക്കണം.

അടുത്തതായി, വിശ്വാസം പരിചയാണെങ്കിലും അതിനെ ശരിയായി ഉപയോഗിച്ചില്ലെങ്കിൽ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു പരിച, അതിനെ ഉപയോഗിച്ചാലേ പ്രയോജനമുള്ളൂ, അതുപോലെയാണ് വിശ്വാസവും. ഒരു പടയാളി യുദ്ധത്തിനു പോയി, അവനൊരു പരിചയുണ്ടായിരുന്നു. പക്ഷേ അതു വീട്ടിലായിരുന്നു. അവിടെ കുറെ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു, അവർ വിശ്വാസമുള്ളവരായിരുന്നു. പക്ഷേ അത് എങ്ങനെ ഉപയോഗിക്കണം എന്ന് അവർക്കറിയില്ലായിരുന്നു. ശത്രു ഇല്ലെങ്കിൽ പ്രശ്നമില്ല. എല്ലാം നന്നായിരിക്കുമ്പോൾ അവർക്കു വിശ്വാസമുണ്ട്. എന്നാൽ പ്രശ്നം വരുമ്പോൾ പരാജയപ്പെട്ടു പോകും.

എന്നാൽ അവിടെ ഒരു കലയുണ്ട്. അത് പവിത്രമാണ്. അതിന് വിശ്വാസം എന്ന പരിചയെ നന്നായി ഉപയോഗിക്കാൻ കഴിയും. അത് എങ്ങനെ കഴിയും എന്ന് ഞാൻ വിവരിക്കാം.

ശത്രുവിന്റെ ആക്രമണത്തിനെതിരെയുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ തിരിച്ചറിയാൻ കഴിയും എങ്കിൽ നമുക്ക് ആ പരിച നന്നായി ഉപയോഗിക്കാൻ കഴിയും. പിശാച് പറഞ്ഞു ഒരു ദിവസം നീ ഒരു ദരിദ്രനും പട്ടിണിക്കാരനും ആകും എന്നു പറഞ്ഞു. ഇല്ല. കാരണം അവന് പരിച നന്നായി ഉപയോഗിക്കാൻ കഴിയും. അവൻ വചനം കയ്യിലെടുത്തു അവൻ പറഞ്ഞു " ഞാൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല "(എബ്രാ. 13:5). "അവന്റെ അപ്പം അവനു കിട്ടും. അവന് വെള്ളം മുചങ്ങിപ്പോകയുമില്ല " (യെശ. 33;16).

സാത്താൻ പറഞ്ഞു, നിശ്ചയമായും ഒരു ദിവംസ നീ ശത്രുവിന്റെ വാളിനാൽ വീഴും. വിശ്വാസം പറഞ്ഞു, ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. "എന്നിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ യേശു ക്രിസ്തുവിന്റെ നാളോളം അതിനെ തികെയ്ക്കും " (ഫിലി.1:4).

സാത്താൻ പറഞ്ഞു. നിശ്ചയമായും ശത്രുവിന്റെ ദൂഷണം നിനക്കെതിരായ് വരും. വിശ്വാസം പറഞ്ഞു, ഇല്ല, "മനുഷ്യന്റെ ക്രോധം നിന്നെ സ്തുതിക്കും നിശ്ചയം; ക്രോധശിഷ്ടത്തെ നീ അരയ്ക്ക് കെട്ടികൊള്ളും" (സങ്കീ.76:10).

സാത്താൻ നിശ്ചയമായും നിന്റെ ശത്രു മറ്റൊരു അമ്പ് എയ്യും, നീ ക്ഷീണിതനാണ്. വിശ്വാസം പറഞ്ഞു. അതെ, "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു. ആകയാൽ "ക്രിസ്തുവിന്റെ ശക്തി എന്നിൽ ആവസിക്കേണ്ടതിന് ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും " (2കൊരി. 12:9).

സാത്താൻ പറഞ്ഞു. നിശ്ചയമായും നിന്റെ പാപം വളരെ വലുതാണ്. വിശ്വാസം പറഞ്ഞു. " അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ് വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു " (എബ്രാ. 7:25).

എന്നാൽ ശത്രുവീണ്ടും പറഞ്ഞു വാളെടുക്കും. നീ പൂർണ്ണമായി തള്ളപ്പെടും. ദൈവം നിന്നെ തള്ളിയിരിക്കുന്നു. വിശ്വാസം പറഞ്ഞു, ഇല്ല "യഹോവ തന്റെ ജനത്തെ തള്ളികളകയില്ല.തന്റെ അവകാശത്തെ കൈവിടുകയില്ല " (സങ്കീ. 94:14).

സാത്താൻ പറഞ്ഞു എന്നാൽ എല്ലാറ്റിനും ഒടുവിൽ നീ എന്റേതാകും. വിശ്വാസം പറഞ്ഞു, ഇല്ല, ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. അവ ഒരു നാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കയും ഇല്ല (യോഹ. 10:28). ഇതിനെയാണ് ഞാൻ വിളിക്കുന്നത് ശരിയായി പരിച ഉപയോഗിക്കുന്നു എന്ന്.

പ്രബോധനത്തെ ശക്തിപ്പെടുത്തുക.

" എല്ലാറ്റിനും മീതെ, വിശ്വാസം എന്ന പരിച എടുത്തുംകൊണ്ട് നില്പിൻ".

സത്യവിശ്വാസത്തിന്റെ ആവശ്യം ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തെക്കുറിച്ച് ഇവിടെ പറയുന്നത് അതിന് കെടുക്കുന്ന ശക്തിയുണ്ട് എന്നാണ്. "ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം പുരാതനകാലങ്ങളിൽ ചെറിയ അമ്പുകൾ ഉപയോഗിക്കുവാൻ പരിശീലിപ്പിക്കുമായിരുന്നു. ചൂര കൊണ്ടുള്ളതോ

(ശേഷം 7-ാംപേജിൽ)

(3-ാം പേജിന്റെ തുടർച്ച)

വിശ്വാസത്തിന് അടിസ്ഥാനം ദൈവമാകുന്നു

വിശ്വാസം അതിൽ തന്നെ വിഷായധിഷ്ടിതമാണ്. എന്നാൽ പ്രവർത്തിയാലാണ് അത് വെളിപ്പെടുന്നത്. പർവ്വതം അവിടെയുള്ളതുകൊണ്ടാണ് അതിലുള്ള നമ്മുടെ വിശ്വാസത്തിന് വിലയുള്ളത്. അല്ലെങ്കിൽ അത് വെറും ഒരു മിഥ്യാധാരണയായിമാത്രം ഇരിക്കും. അതുകൊണ്ട് ദൈവം എന്നത് തന്നിൽ തന്നെ എന്തായിരിക്കുന്നു എന്നതാണ്. നമ്മുടെ ധാരണകൾക്കനുസരിച്ച് ദൈവത്തിന് വ്യത്യാസം വരുന്നില്ല. " ഞാനാകുന്നവൻ ഞാൻ ആകുന്നു " നാം ദൈവത്തെ അറിയുമ്പോൾ താൻ ആയിരിക്കുന്ന നിലവാരത്തിലേയ്ക്ക് പരിശുദ്ധാത്മാവിന്റെ പ്രമാണത്തിനനുസരിച്ചു നാം യോജിക്കുകയാണ് ചെയ്യുന്നത്.

യഥാർത്ഥമായി ദൈവത്തെ വിശ്വസിക്ക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്, നാം ആയിരിക്കുന്ന പരിധിയിൽ നിന്ന് ദൈവം ആർക്ക് എന്ന് നാം അറിയുന്നു. " നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും " (സങ്കീ. 9:10). ദൈവത്തിന്റെ പേര് ദൈവത്തിന്റെ സ്വഭാവത്തിന്റെ പ്രതിഫലനമാണ്, സങ്കീർത്തനക്കാരൻ പറയുന്നത് ദൈവത്തെ അറിയുന്നവൻ തങ്ങളുടെ ആശ്രയം ദൈവത്തിൽ വയക്കുകയാണ് ചെയ്യുന്നത്. ഇത് ഒരു പ്രത്യേക സ്വഭാവഗുണല്ല, ഞാൻ വീണ്ടും ആവർത്തിക്കുന്നത്, യാഥാർത്ഥ്യത്തെ മനസിലാക്കി അതിനോട് ഇഴുകിച്ചേരുകയാണ് ചെയ്യുന്നത്. നാം ദൈവത്തിലാശ്രയിക്കുന്നവരും അതിനെതിരെയുള്ള പ്രമാണങ്ങളെ വെറുക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് അവിശ്വാസമുള്ള ഹൃദയത്തെ ദുഷ്ട ഹൃദയം എന്ന് പറയുന്നത്. "ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു " (1യോഹ. 5:10).

ദൈവത്തിന്റെ സ്വഭാവം എന്നത് വിശ്വാസികളുടെ ഏറ്റവും ശ്രേഷ്ഠമായ അടിസ്ഥാനത്തെ സംബന്ധിച്ച ഉറപ്പും പ്രശ്നങ്ങൾക്ക് പരിഹാരവും ആകുന്നു, അതല്ലെങ്കിൽ വിശ്വാസപരമായി അനേക പ്രശ്നങ്ങൾക്ക് കാരണമാവും. ചില ആളുകൾ പറയുന്നത്, വേദപുസ്തക കാലങ്ങളിൽ ദൈവം പ്രാർത്ഥനയ്ക്ക് മറുപടി കൊടുത്തിട്ടുണ്ട്. എന്നാൽ ഇന്ന് അങ്ങനെ സംഭവിക്കുന്നില്ല. മറ്റു ചിലർ പറയുന്നത് പഴയ കാലങ്ങളിൽ നടന്ന അത്ഭുതങ്ങൾ ഇന്ന് ആവർത്തിക്കുന്നില്ല. അങ്ങനെ വിശ്വസിക്കുന്നവർ ദൈവത്തിന്റെ പ്രവർത്തികളെ എതിർക്കയോ തള്ളിക്കളയുകയോ ആണ് ചെയ്യുന്നത്.

നാം ഓർമ്മിക്കേണ്ടത് ദൈവം എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിന് ഈ വിശാലമായ പ്രപഞ്ചത്തിൽ തന്റെ അനന്തമായ പൂർണ്ണതയിൽ ഒരിക്കലും ഒരിടത്തും തന്റെ സ്വഭാവത്തെ ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. ഈ അറിവ് ദൈവത്തിന്റെ ശത്രുക്കൾക്കെതിരെയുള്ള ഒരു താക്കീതാണ്. അപ്പോൾ തന്നെ ഈ അറിവ് തന്റെ മക്കൾക്കുള്ള ഏറ്റവും ഉയർന്ന സാന്ത്വനവുമാണ്.

ദൈവിക മർമ്മങ്ങളുടെ മദ്ധ്യത്തിൽ ദൈവം വസിക്കുന്നു. എന്നാൽ ദൈവം തന്റെ വാഗ്ദത്തങ്ങളെ എങ്ങനെ നടപ്പാക്കും എന്നോ, പ്രത്യേക സാഹചര്യങ്ങളിൽ എങ്ങനെ പ്രവർത്തിക്കും എന്നതിനെക്കുറിച്ചോ യാതൊരു ശങ്കയ്ക്കും വകയില്ല. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഒരിക്കലും തെറ്റിക്കൂടാത്ത പ്രഖ്യാപനങ്ങളാണ്. താൻ വാഗ്ദത്തം ചെയ്ത തന്റെ നിർണ്ണയപ്രകാരം ദൈവം എപ്പോഴും പ്രവർത്തിക്കുന്നു. ദൈവത്തിന്റെ താക്കീതു മുന്നറിയിക്കപ്പെട്ടതിൽ നിന്നും ഒട്ടും കുറവല്ല. "ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നു നില്ക്കയില്ല (സങ്കീ. 1:5).

ഈ കാര്യങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിന്റെ വാഗ്ദത്തത്തിലുള്ള വിശ്വാസം ശ്രമകരമായ ഒരു കാര്യമല്ല. എന്നാൽ ആ വാഗ്ദത്തം തന്നവൻ ആരാണ് എന്നതിന്റെ അടിസ്ഥാനത്തിൽ അത് ഏറ്റവും വിശ്വാസയോഗ്യവും ഏറ്റവും ഉറപ്പും പ്രത്യാശയും തരുന്നതുമാകുന്നു. നാം ദൈവത്തെക്കുറിച്ചുള്ള അറിവിൽ വളർന്നു വരുന്നു. യേശുവിനെ നോക്കുമ്പോൾ അവിടുന്ന് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ്. ആത്മാവിന്റെ ദാഹവും അതല്ലാതെ മറ്റൊന്നല്ല. അതുകൊണ്ട് നമ്മുടെ മനസ്സിന്റെ ആരോഗ്യം വിശ്വാസത്തിൽ ഭദ്രമാണ്.

(6-ാം പേജിന്റെ തുടർച്ച) ❖

വിശ്വാസം എന്ന പരിച

അതുപോലെയുള്ള അമ്പുകളായിരിക്കും അതിന്റെ അഗ്രഭാഗം വിഷം പുരട്ടിയിരിക്കും. അതിനെയായിരിക്കാം തീയമ്പുകൾ എന്ന് വിളിച്ചിരുന്നത്. കാരണം അത് ശരീരത്തിൽ കൊണ്ട് മുറിവേറ്റാൽ അതിവേഗം ആ വിഷം ഞരമ്പുകളിൽ ബാധിക്കും. ചില സന്ദർഭങ്ങളിൽ അമ്പുകളുടെ അഗ്രത്ത് ചണനൂൽ ചുറ്റി അതിൽ സ്പിരിറ്റ് പോലുള്ള ദ്രാവകം മുക്കി കത്തിച്ച് ശത്രുക്കളുടെ പാളയങ്ങളെ കത്തിക്കാനും സമീപമുള്ള പട്ടണങ്ങളെ കത്തിച്ച് നശിപ്പിപ്പാനും ഉപയോഗിക്കാനുമുണ്ടായിരുന്നു. ഇവിടെ വിശ്വാസത്തിന് കെടുക്കുവാനുള്ള ശക്തിയുണ്ട്, പരീക്ഷയോ അസൂയയോ ഉണ്ടാകുമ്പോൾ വിഷമുള്ളതോ തീയുള്ളതോ അമ്പുകൾ അയയ്ക്കുന്നു. അതു കൊല്ലുകയോ തകർക്കുകയോ ചെയ്യാൻ ശ്രമിക്കുന്നു. വിശ്വാസം ആ അമ്പുകളെ പിടിച്ചെടുക്കുന്നു. അതിനെ തടയുക മാത്രമല്ല, ദോഷമുണ്ടാക്കുന്ന അഗ്രഭാഗത്തെ ഇല്ലാതാക്കുകയും തീയെ കെടുത്തുകയും ചെയ്യുന്നു.

" വിശ്വാസം മാത്രമാണ് മറ്റുള്ള ആയുധങ്ങളിൽ വച്ച് എല്ലാ അമ്പുകളേയും കെടുക്കുവാൻ കഴിവുള്ളത്. വിശ്വാസം എല്ലാ ആക്രണങ്ങളേയും തടയുന്നു. ഇത് എല്ലാറ്റിനും നല്ലതാണ്. പേടിയുള്ളതിനെ ധൈര്യപ്പെടുത്തുന്നു. ബുദ്ധിയില്ലാത്തതിനെ ബുദ്ധിയുള്ളതാക്കുന്നു, ധൈര്യമില്ലാത്തതിന് ധൈര്യം കൊടുക്കുന്നു, തിരിച്ചറിവില്ലാത്തതിനെ തിരിച്ചറിവുള്ളതാക്കിതീർക്കുന്നു. വിശ്വാസത്തിന് പ്രവർത്തിപ്പാൻ കഴിയാത്ത ഒരു സാഹചര്യവുമില്ല അതുകൊണ്ട് നിങ്ങളുടെ വിശ്വാസത്തെ നോക്കുക, സൂക്ഷ്മതയുള്ളവരായിരിക്ക, എല്ലാറ്റിനും മീതെ വിശ്വാസം എന്ന പരിച എടുത്തുകൊൾക".

പഴയനിയമ വിശുദ്ധന്മാർ സംശയം ഉള്ളവരായിരുന്നില്ല. ശലോമോൻ പറഞ്ഞു, "എന്റെ പ്രിയൻ എനിക്കുള്ളവൻ, ഞാൻ അവനുള്ളവൻ. ദാവീദ് പറഞ്ഞു, എന്റെ ആത്മാവിനോട് പറയുന്നു, ഞാൻ നിന്റെ രക്ഷ കർത്താവ് എന്റെ രക്ഷ യഹോവ എന്റെ ഇടയൻ". ഇയ്യോബ് പറഞ്ഞത് "എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു എന്ന് ഞാൻ അറിയുന്നു ". പൗലൊസിന്റെ വാക്കുകളിലും ആ വിശ്വാസം പ്രതിഫലിച്ചിരുന്നു. അവരുടെ വാക്കുകളിൽ, ദൈവത്തിനും അവരുടെ ആത്മാക്കൾക്കും ഇടയിൽ എല്ലാം നന്നായിരുന്നു. നമുക്കും അങ്ങനെതന്നെ ആയിരിക്കട്ടെ. ❖

(5-ാം പേജിന്റെ തുടർച്ച)

വിശ്വാസം സ്വർഗ്ഗത്തിന്റെ കലവറകളെ തുറക്കുന്നു

കയാണ് ചെയ്തത് (2 കൊരി. 7:2-10). "തന്റെ സ്നേഹിതന്മാരെ അയച്ച് പറഞ്ഞത്" അവിടുന്ന് ഒരു വാക്കുമാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. യേശു യഹൂദന്മാരോട് പറഞ്ഞത് യിസ്രായേലിൽ കൂടെ ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല. ശതാധിപന്റെ വിശ്വാസം കണ്ടിട്ട് യേശു അത്ഭുതപ്പെട്ടു. ആ ബാല്യക്കാരനെ സൗഖ്യമാക്കി. വിശ്വാസം പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടാക്കുന്നു.

യോഹ. 4:46-ൽ വായിക്കുമ്പോൾ "ഒരു രാജഭൃത്യൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ മരിപ്പാറായി രോഗം പിടിച്ചിരുന്നു. അവൻ മരിക്കുംമുമ്പേ വരണമേ എന്ന് യേശുവിനോട് അപേക്ഷിച്ചു. ഇവിടെ രാജഭൃത്യൻ വിശ്വസ്തനും വിശ്വാസമുള്ളവനും ആയിരുന്നു. യേശു ഉടനെ അവനെ സൗഖ്യമാക്കി. യേശു അവന്റെ വിശ്വാസത്തെ മാനിച്ചു. ദൈവവചനമല്ലാതെ ആശ്രയിപ്പാൻ തനിക്ക് മറ്റൊരിടമില്ലായിരുന്നു. അവൻ ദൈവത്തിൽ ആശ്രയിച്ചു. നമ്മുടെ വിശ്വാസത്തിന്റെ നായകൻ, ഒരു സൃഷ്ടിയല്ല. പിന്നെയോ, സർവ്വശക്തനായ സൃഷ്ടിതാവാണ്. ഒരു സാധാരണ ഉപകരണമല്ല പിന്നെയോ ബലമുള്ള ദൈവത്തിന്റെ കരമാണ്.

"അതിന് യേശു നിങ്ങൾ സംശയിക്കാതെ വിശ്വാസമുള്ളവരായാൽ ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും. എന്ന് മാത്രമല്ല ഈ മലയോട് നീങ്ങി, കടലിൽ ചാടിപ്പോക എന്ന് പറഞ്ഞാൽ അതും സംഭവിക്കുന്നു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. നിങ്ങൾ വിശ്വസിച്ചു കൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും നിങ്ങൾക്ക് ലഭിക്കും" (മത്താ. 21:21,.22). ❖

(2-ാം പേജിന്റെ തുടർച്ച)

സ്തുതി എന്നത് വിശ്വാസത്തിന്റെ പ്രവൃത്തിയാണ്

യ്ക്കുവാൻ കാർമേഘമായ ഇരുട്ടുകൾ വന്നിട്ടുണ്ടോ, അപ്പോഴെല്ലാം സ്തുതിയാണ് ദൈവത്തിന്റെ മഹത്വം തുടർന്നും പ്രകാശിക്കുവാനുള്ള വഴി. നിങ്ങളുടെ ആത്മിക ജീവിതത്തിൽ സന്തോഷം കുറഞ്ഞിരിക്കുന്നുവോ? മറഞ്ഞിരിക്കുന്ന പാപങ്ങൾ ഒന്നും ഇല്ലെന്ന് ഉറപ്പാക്കുക. എന്നിട്ട് ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങുക. കർത്താവിനെ സ്തുതിക്ക!

സ്തുതിയുടെ കുറവു കൊണ്ട് നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാതെ പോയ സാഹചര്യങ്ങളെ ഓർക്കാൻ കഴിയുന്നുണ്ടോ? സ്തുതി ക്ക് മറുപടിയായി നിങ്ങളുടെ ദൈവമായ കർത്താവ് നമ്മുടെ മുമ്പിലുണ്ടായിരുന്ന പ്രതിസന്ധികളെ ഓർമ്മിക്കുവാൻ കഴിയുന്നുണ്ടോ? സ്തുതിയുടെയും ഉപവാസത്തിന്റെയും പ്രയോജനം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? കർത്താവിനെ സ്തുതിക്കുന്നതിനാൽ ശരീരത്തിൽ സൗഖ്യമുണ്ടാവുകയും, ഭൂതങ്ങൾ വിട്ടു പോയതും, നഷ്ടപ്പെട്ട സമാധാനം തിരികെക്കിട്ടിയതുമായ അനുഭവങ്ങൾ ഓർമ്മയുണ്ടോ?

സ്തുതി എന്ന ആയുധവുമായി പ്രതിസന്ധികളെ നേരിട്ടപ്പോൾ ദൈവത്തിന്റെ പ്രവൃത്തികൾ അത്ഭുതകരമായി വെളിപ്പെട്ടത് കണ്ടിട്ടുണ്ടോ? ആർത്തിയുള്ള ഹൃദയവുമായി തകർന്ന ഹൃദയത്തോടെ, ഇരുട്ടിന്റെ ശക്തികളോടുള്ള പോരാട്ടത്തിൽ ആയിരിക്കുന്ന ദൈവത്തിന്റെ പൈതലേ ഇത് നിങ്ങൾക്കു വേണ്ടിയുള്ള ദൂതായിരിക്കാം! ഉയരത്തിലേക്ക് നോക്കി സ്തുതിക്കുവാനാരംഭിക്കുക. കർത്താവിനെ സ്തുതിക്ക.

2 ദിനവൃത്താന്തം 20:20-21 വേദഭാഗം നാം വായിക്കുമ്പോൾ പ്രാർത്ഥനയ്ക്കു പകരമായി പാടുവാനും സ്തുതിക്കുവാനും ആരംഭിച്ചപ്പോൾ യുദ്ധത്തിൽ യഹോശാഫാത്തിനെതിരെയുള്ള ശത്രുക്കൾ പരാജയപ്പെടുകയും യിസ്രായേൽ ജയിക്കയുമല്ലേ ചെയ്തത്. പ്രിയ ക്രിസ്തീയ സഹോദരീ സഹോദരന്മാരേ, കൂടുതലായി ദൈവത്തെ സ്തുതിക്കുവാൻ ആരംഭിക്കാം. സ്തുതി കാര്യങ്ങളെ വ്യത്യാസപ്പെടുത്തുന്നു. സ്തുതി നിങ്ങളെയും രൂപാന്തരപ്പെടുത്തും!

സ്തുതിക്കുന്ന സമയങ്ങളിൽ ആഴമായ ത്യാഗം ചെയ്യേണ്ടതായ സമയം വരും. സ്തുതിക്കേണ്ടുന്ന ആവശ്യം വരുമ്പോൾ നമ്മുടെ കണ്ണുകൾ നിറയേണ്ട സാഹര്യം വന്നേയ്ക്കാം. നമുക്ക് ഒരു പക്ഷേ ഇങ്ങനെ പറയേണ്ടിവന്നേയ്ക്കാം. "യഹോവതന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (ഇയ്യോ, 1:2). മാധുര്യ ഗാനങ്ങൾ ഇല്ലെന്ന് വന്നേയ്ക്കാം. കഷ്ടതയാൽ നിറഞ്ഞ ജീവിതത്തിൽ നിന്നുള്ള സ്തുതിയെക്കാൾ വലുതായി മറ്റൊന്നുമില്ല. ഗത്സമനയിലേയ്ക്ക് നോക്കുവാൻ കഴിയുമോ? അതിനെ നോക്കി പറയൂ. ദൈവത്തിന് സ്തോത്രം.

സ്തുതി സ്വർഗ്ഗത്തിന്റെ ഭാഷയാണ്.

സ്തുതി, അതു തൊടുന്നതിനെ ഒക്കെയും മധുരിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യും. സ്തുതി ഒരു പുതിയ വിശ്വാസത്തെ ഉളവാക്കും. വിശ്വാസം നിങ്ങളുടെ പുകഞ്ഞു കത്തുന്ന സ്നേഹത്തിലേയ്ക്ക് കാറ്റുവീശി ജ്വലിക്കുന്ന ദൈവസ്നേഹമായി അതിനെ മാറ്റും. സ്തുതി നിങ്ങളുടെ ഹൃദയങ്ങളിൽ സന്തോഷത്തിന്റെ മണി മുഴക്കങ്ങൾ ഉണ്ടാക്കും. സ്വർഗ്ഗീയ സൈന്യം ഒരുമിച്ചു പാടുന്ന പാട്ടുകൾ നാം ചേർന്നു പാടും ദൈവത്തിന്റെ കരസ്പർശനം നമ്മുടെ ഹൃദയത്തിലുണ്ടാകും. സ്തുതി ഇരുട്ടിനെ തുളച്ചു ചെല്ലും. ദീർഘകാലമായി നില്ക്കുന്ന തടസ്സങ്ങൾ ഓടിപ്പോകും, ജീവിതത്തിൽ ഉള്ള സാത്താന്റെ പോരാട്ടങ്ങളുടെമേൽ അത്ഭുതകരമായ വിജയം നൽകും.

നമ്മുടെ സ്തുതി ഒരു പക്ഷേ വളരെ കുറഞ്ഞ അളവിലായിരിക്കാം. എന്നാൽ ഈ നാളുകളിൽ കൂടുതലായി സ്തുതിക്കാം. കഴിഞ്ഞ കാലങ്ങളിൽ നാം ദൈവത്തെ സ്തുതിച്ച് വരായിരിക്കാം. എന്നാൽ വരൂ. കൂടുതലായി ഇന്ന് ദൈവത്തെ സ്തുതിക്കാം. സ്വർഗ്ഗത്തിലേയ്ക്ക് നോക്കി നിങ്ങളുടെ ശക്തനായ വീണ്ടെടുപ്പുകാരനെ സ്തുതിക്കാം. തന്റെ ശക്തിക്കും നന്മയ്ക്കായി ദൈവത്തെ സ്തുതിക്കാം. അവൻ സ്തുതിക്കു യോഗ്യനത്രേ. ഇപ്പോൾ നമുക്ക് ദൈവത്തെ സ്തുതിക്കാം. ❖

"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോകയുമില്ല. ഈ എളിയവർ നിലവിളിച്ചു യഹോവ കേട്ടു"

(സങ്കീ. 43:5,6)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975